1. ഇ.ബി. XIII-കേരള നിയമസഭ/XI-19

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 07, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## **പ്രത്യേക പരാമർശം**

### **ഇറാഖിൽ കുടുങ്ങിയ മലയാളി നഴ്സുമാരുടെ മോചനം**

മി. സ്പീക്കർ: ഇറാഖിലെ സംഘർഷ മേഖലയിൽനിന്ന് 46 മലയാളി നഴ്സുമാർ ഉൾപ്പെടെ 180 ഇന്ത്യാക്കാർ കഴിഞ്ഞ ദിവസം തിരികെയെത്തിയത് ആശ്വാസകരമാണ്. ഇറാഖിൽനിന്ന് ഇവരെ തിരികെ എത്തിച്ചത് നയതന്ത്ര ചരിത്രത്തിലെ വിജയകരമായ ഒരു അധ്യായമാണ്. കേന്ദ്ര-സംസ്ഥാന

സർക്കാരുകളുടെ നിരന്തരമായ ഇടപെടലുകളും നിർണ്ണായകമായ തീരുമാനങ്ങളുമാണ് ദിവസങ്ങൾ നീണ്ടുനിന്ന അനിശ്ചിതത്വത്തിന് വിരാമമിട്ടത്. ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ അഭിനന്ദിക്കാം. മലയാളി നഴ്സുമാരുടെ കാര്യത്തിലുണ്ടായ ഉത്കണ്ഠയും ആശങ്കയും പരിഹരിക്കാൻ കേന്ദ്ര വിദേശകാര്യ മന്ത്രിയും സംസ്ഥാന മുഖ്യമന്ത്രിയും വിദേശകാര്യ മന്ത്രാലയവും ഇറാഖിലെ ഇന്ത്യൻ എംബസ്സിയും മലയാളിയായ അംബാസിഡറും സമയബന്ധിതമായി നടത്തിയ ഇടപെടലുകൾ എടുത്തുപറയേണ്ടതാണ്. ഇറാഖിൽനിന്ന് മലയാളികൾ ഇനിയും തിരികെ എത്താനുണ്ട്. ജാഗ്രതയോടുകൂടിയുള്ള പ്രവർത്തനങ്ങൾ തുടർന്നുമുണ്ടാകട്ടെയെന്ന് സഭയും ചെയറും ആഗ്രഹിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇറാഖിൽനിന്നും 46 നഴ്സുമാർ നാട്ടിൽ തിരിച്ചെത്തിയത് എല്ലാവർക്കും ആശ്വാസം നൽകുന്നതാണ്. കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയും വിദേശമന്ത്രാലയവും ഇക്കാര്യത്തിൽ അങ്ങേയറ്റത്തെ താല്പര്യമെടുക്കുകയും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും അതാത് സമയത്ത് ചെയ്തുവെന്നതും പ്രത്യേകം എടുത്തുപറയുകയാണ്. കേന്ദ്ര

ഗവൺമെന്റ് നിയോഗിച്ച രണ്ട് ഉന്നത ഉദ്യോഗസ്ഥരുടെ സഹകരണത്തിന് നന്ദി പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ജനങ്ങളുടെ പ്രാർത്ഥനയും 46 നഴ്സുമാരുടെ മനോധൈര്യവുമാണ് മോചനത്തിന് ഇടയായത്. ഈ ഉദ്യമത്തിൽ സഹകരിച്ച എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇറാഖിൽ കുടുങ്ങിയ 46 മലയാളി നഴ്സുമാരെ നാട്ടിലെത്തിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തിയ ശ്രമം ആശ്വാസകരമാണ്. ഇറാഖിൽ കുടുങ്ങിക്കിടക്കുന്ന മറ്റ് മലയാളികളെക്കൂടി സുരക്ഷിതമായി നാട്ടിലെത്തിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തരമായി നടപടികൾ സ്വീകരിക്കണം. നാട്ടിൽ മടങ്ങി വന്നവരെയും ഇനി വരുന്നവരെയും പുനരധിവസിപ്പിക്കാനുള്ള നടപടികൾ യുദ്ധാകാലാടി സ്ഥാനത്തിലുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പാസ്പോർട്ട് കയ്യിലില്ലാത്തവരുടെയും തിരിച്ചുവരാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളവരുടെയും ലിസ്റ്റ് ഇന്ത്യൻ എംബസ്സിക്കും വിദേശമന്ത്രാലയത്തിനും കൈമാറാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാട്ടിൽ

തിരിച്ചെത്തുന്നവരുടെ തുടർന്നുള്ള ജോലിയും കടബാധ്യതയും വളരെ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നത്. സഹായം വാഗ്ദാനം ചെയ്തവരും 46 നഴ്സുമാരും അടങ്ങുന്ന ഒരു യോഗം 11-ാം തീയതി തിരുവനന്തപുരത്തുവച്ച് കൂടുന്നതാണ്. പ്രസ്തുത യോഗത്തിൽ പ്രതിപക്ഷനേതാവും പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു. കൂട്ടായ പ്രവർത്തനത്തിലൂടെ പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതാണ്.

## അടിയന്തരപ്രമേയം

### സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മെറിറ്റ് പ്രവേശനം

മി. സ്പീക്കർ: സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്താനോ കരാറിൽ ഒപ്പിടാനോ സർക്കാർ തയ്യാറാകാത്തതിനാൽ ഒന്നാംഘട്ട അലോട്ട്മെന്റ് നടപടികൾ പൂർത്തിയായിട്ടും പന്ത്രണ്ട് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 675 മെറിറ്റ് സീറ്റുകളിലേയ്ക്കുള്ള വിദ്യാർത്ഥിപ്രവേശനം അനിശ്ചിതത്വത്തിലായിരിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ

റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അൻപത് ശതമാനം മെറിറ്റ് സീറ്റുകൾ സർക്കാരിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകില്ല. മാനേജ്മെന്റ് സീറ്റിനുവേണ്ടിയുള്ള നടപടിക്രമവുമായി മുന്നോട്ടുപോകുകയാണ്. സുപ്രീം കോടതിയുടെ നിർദ്ദേശമുള്ളതുകൊണ്ട് സർക്കാരിന് ഇതുസംബന്ധിച്ച് നേരിട്ട് ഇടപെടാൻ കഴിയാത്ത സാഹചര്യമാണുള്ളത്. മെറിറ്റ് സീറ്റ് സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളുമായി ഗവൺമെന്റ് നിരന്തരമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് അൻപത് ശതമാനം സീറ്റുകൾ നൽകാമെന്ന് സ്വാശ്രയ മാനേജ്മെന്റുകൾ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സ്വാശ്രയ മാനേജ്മെന്റുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയിരിക്കുന്നതുമൂലം 675 മെറിറ്റ് സീറ്റുകളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം അനിശ്ചിതത്വത്തിലായിരിക്കുകയാണ്. കഴിഞ്ഞ വർഷം സ്വന്തം നിലയിൽ പ്രവേശനം നടത്തിയ സ്വകാര്യ മെഡിക്കൽ കോളേജുകൾക്കെതിരെ ഗവൺമെന്റ് നടപടിയെടുക്കാത്തതുകൊണ്ടാണ് ഇപ്രാവശ്യം

മറ്റ് മെഡിക്കൽ കോളേജുകളും മെറിറ്റ് സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നത്. ക്രിസ്ത്യൻ മെഡിക്കൽ കോളേജുകളിൽ മാനേജ്മെന്റ് സീറ്റിനും മെറിറ്റ് സീറ്റിനും ഒരുപോലെ ഫീസ് ഈടാക്കാൻ അനുമതി കൊടുത്തിരിക്കുകയാണ്. പന്ത്രണ്ട് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മെറിറ്റ് സീറ്റുകളിലേയ്ക്ക് കോഴ വാങ്ങി പ്രവേശനം നടത്തുന്നതിന് ഗവൺമെന്റ് കൂട്ടുനിൽക്കുന്നതുമൂലം പരീക്ഷയിൽ ഉയർന്ന റാങ്ക് നേടിയ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും കടുത്ത ആശങ്കയിലായിരിക്കുകയാണ്. മെറിറ്റ് സീറ്റിൽ പ്രവേശനം നേടാൻ അർഹരായ കുട്ടികൾപോലും അന്യസംസ്ഥാനങ്ങളിലെ കോളേജുകളിൽ ചേരാൻ നിർബന്ധിതരാകുന്ന അവസ്ഥയാണ് ഇന്നുള്ളത്. സ്വകാര്യ മാനേജ്മെന്റുകൾ ജസ്റ്റിസ് ജയിംസ് കമ്മിറ്റിയെ നോക്കുകുത്തിയാക്കിയിരിക്കുകയാണ്. സ്വകാര്യ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ ആരുമില്ലാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം നിഷേധിച്ച മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളും അനിശ്ചിതത്വത്തിലാണ്. മെറിറ്റിൽ പ്രവേശനം ലഭിച്ച കുട്ടികൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്കും അഡ്മിഷൻ ലഭിക്കാതെവരുന്ന

അവസരത്തിൽ അനർഹരായ കുട്ടികൾക്ക് നിർബാധം പ്രവേശനം ലഭിക്കുന്നു. ഈ പ്രശ്നങ്ങളെ സംബന്ധിച്ച് വ്യക്തത ഉണ്ടാക്കണം. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അൻപത് ശതമാനം മെറിറ്റ് സീറ്റുകൾ സർക്കാരിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകില്ല. മാനേജ്മെന്റ് സീറ്റുമായി ബന്ധപ്പെട്ട കാര്യത്തിൽ സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള സമയം സ്വാശ്രയ മെഡിക്കൽ കോളേജുകൾ ആവശ്യപ്പെട്ടിരിക്കുകയാണ്. സ്വാശ്രയ മാനേജ്മെന്റുകൾ മേയ് 31-നകം പരീക്ഷ നടത്തി ജൂൺ 5-ന് ഫലം പ്രസിദ്ധീകരിച്ച് മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് പ്രവേശനം നടത്തണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തി ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൊടുത്താൽ മാത്രമേ സ്വാശ്രയ മാനേജ്മെന്റുകൾക്ക് പരീക്ഷ നടത്താൻ കഴിയൂ. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ പരീക്ഷ നടത്തുന്നതിന് അവസരം ലഭ്യമാക്കുന്നതിനുവേണ്ടി

സ്വാശ്രയ മാനേജ്മെന്റുകൾ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. അംഗീകാരം കിട്ടാതെ ഒരു സ്വാശ്രയ മെഡിക്കൽ കോളേജിനും അഡ്മിഷൻ നടത്താൻ കഴിയില്ല. ഈ മാസം 8-ാം തീയതി കൂടുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ യോഗത്തിനുശേഷം ചില സ്വാശ്രയ കോളേജുകൾക്കും അംഗീകാരം ലഭിക്കും. സ്വാശ്രയ കോളേജുകളിൽ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ നടത്തിയിട്ടില്ല. ഈ പ്രശ്നത്തിന്റെ അടിയന്തര പ്രാധാന്യം മനസ്സിലാക്കി ഗവൺമെന്റ് സ്വാശ്രയ മാനേജ്മെന്റുകളുമായി നിരന്തരമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ഫലമായി സർക്കാർ ഫീസിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നൽകുന്നത് സംബന്ധിച്ച് കാരക്കോണം മെഡിക്കൽ കോളേജ് കരാർ ഒപ്പുവയ്ക്കുകയുണ്ടായി. മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകളും കരാർ ഒപ്പുവയ്ക്കാൻ സമ്മതിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിൽ യാതൊരുവിധ വീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല. ഒമ്പത് മെഡിക്കൽ കോളേജുകൾ എഗ്രിമെന്റിൽ ഒപ്പുവയ്ക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. 10-ാം തീയതിക്കുമുമ്പായി പരമാവധി കോളേജുകൾ എഗ്രിമെന്റിൽ ഒപ്പുവയ്ക്കും. എഗ്രിമെന്റിൽ ഒപ്പുവയ്ക്കാത്ത കോളേജുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. എം.ഇ.എസ്. കോളേജിന് സുപ്രീം കോടതിയുടെ

ഉത്തരവനുസരിച്ച് ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ളതിനാൽ അവിടത്തെ അഡ്മിഷന്റെ കാര്യത്തിൽ ഗവൺമെന്റിന് ഇടപെടാൻ സാധിക്കുകയില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള കോളേജുകൾ ഒഴികെയുള്ള സ്വാശ്രയ കോളേജുകളിലെ അമ്പതു ശതമാനം സീറ്റും ഗവൺമെന്റ് മേഖലയ്ക്ക് ഉറപ്പുവരുത്തുന്നതാണ്. രണ്ടു കോളേജുകൾ ഒഴികെ എല്ലാപേരും കരാറിൽ ഒപ്പുവയ്ക്കാൻ തയ്യാറായിട്ടുണ്ട്. ഈ വർഷം ഇടുക്കി, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ മെഡിക്കൽ കോളേജ് വീതം ആരംഭിക്കുന്നതാണ്. വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും പ്രഖ്യാപിച്ചിട്ടുള്ള നയങ്ങൾ പൂർണ്ണമായും നടപ്പിലാക്കിക്കൊണ്ടും അഡ്മിഷൻ പൂർത്തീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്യുതാനന്ദൻ, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് നിയമനിർമ്മാണം

ശ്രീ. സി. മമ്മൂട്ടി: സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള 105 സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടെങ്കിലും നിയമനചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതിനാൽ 39 എണ്ണത്തിൽ ഒഴികെയുള്ളവയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് സാധിക്കാതെ വന്നിരിക്കുകയാണ്. പി.എസ്.സി. വഴി നിയമനം നടത്തിയാൽ മാത്രമേ സംവരണതത്വവും സുതാര്യതയും പാലിക്കുന്നതിന് സാധിക്കുകയുള്ളൂ. പല പൊതുമേഖലാ സ്ഥാപനങ്ങളിലും താൽക്കാലികമായി നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്തുന്നതിലൂടെ അർഹതപ്പെട്ടവർക്ക് നിയമനം ലഭിക്കാതെപോവുകയാണ്. പി.എസ്.സി.ക്ക് വിട്ടിട്ടില്ലാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതോടൊപ്പം പി.എസ്.സി.ക്ക് വിട്ടവയിൽ നിയമനം നടത്തുന്നതിനും അതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടുള്ള തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നിയമനച്ചട്ടങ്ങളുടെ അഭാവംമൂലം

നിയമനങ്ങൾ പി.എസ്.സി.ക്ക് ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. സമയബന്ധിതമായി നിയമനച്ചട്ടങ്ങൾ രൂപീകരിച്ച് നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം പൊതുമേഖലാ സ്ഥാപനങ്ങളിലെ മേലധികാരികൾക്ക് നൽകുകയും ബാക്കിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം പി.എസ്.സി.ക്ക് വിട്ടുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ബിൽ നിയമസഭയുടെ പരിഗണനയിലാണ്. അതിനനുസൃതമായി സർവ്വകലാശാലകളുടെ ആക്ടുകളിലും ഭേദഗതി വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## (2) **ദേശീയ തൊഴിലുറപ്പ് പദ്ധതി**

ശ്രീ. കെ. വി. വിജയദാസ്: മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട തൊഴിൽ ദിനങ്ങൾ ഓരോ വർഷവും സംസ്ഥാനത്ത് കുറഞ്ഞു വരികയാണ്. കൂലി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനോ സമയബന്ധിതമായി കൂലി നൽകുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പണമിടപാടുകൾ നടത്തുന്ന ദേശസാൽകൃത

ബാങ്കുകളിലെ ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനത്തിലെ തകരാറ് ഗ്രാമീണമേഖലയിലെ തൊഴിലുറപ്പ് വേതനവിതരണം അനിശ്ചിതത്വത്തിലാക്കിയിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കൂലികുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനും മിനിമം കൂലി 320 രൂപയായും തൊഴിൽദിനങ്ങൾ 200 ആയും വർദ്ധിപ്പിക്കുന്നതിനും കാർഷിക, ക്ഷീരവികസന മേഖലകളെക്കൂടി ഉൾപ്പെടുത്തി തൊഴിൽമേഖല വിപുലീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണത്തിലും തൊഴിൽ ദിനങ്ങളുടെ എണ്ണത്തിലും വലിയ വർദ്ധനവാണ് കഴിഞ്ഞ മൂന്നു വർഷങ്ങളിലുമുണ്ടായിട്ടുള്ളത്. കേന്ദ്രസഹായത്തിലെ കുറവുകാരണം കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വേതനം കൊടുക്കുന്നതിൽ കാലതാമസമുണ്ടായെങ്കിലും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ നോൺ-റോഡ് മെയിന്റനൻസ് ഫണ്ടിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികതുക കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചില പഞ്ചായത്തുകളിൽ നിന്ന് ബന്ധപ്പെട്ട കണക്കുകൾ യഥാസമയം ലഭിക്കാത്തതുമൂലമുണ്ടായ കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ലക്ഷ്യമിട്ടിരുന്ന തൊഴിൽ

ദിനങ്ങളിൽ തൊണ്ണൂറ്റിയൊമ്പതു ശതമാനവും സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സിസ്റ്റം വഴി തൊഴിലാളികളുടെ അക്കൗണ്ടിൽ തുക ലഭ്യമാകുന്നതാണ്. പണം ലഭ്യമാകുന്നതിലെ കാലതാമസം പരിഹരിക്കുന്നതിന് കാനറാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകളെ മേഖല തിരിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള കൂലി വർദ്ധിപ്പിക്കുന്ന കാര്യം തീരുമാനിക്കേണ്ടത് കേന്ദ്രസർക്കാരാണ്. ക്ഷീരവികസന മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നതാണ് സർക്കാർ നിലപാട്.

## സബ്മിഷൻ

### (1) പ്രകൃതി വാതക പൈപ്പ് ലൈൻ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് എൽ.എൻ.ജി. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ഗെയിലിന്റെ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടായ എതിർപ്പും സുരക്ഷയെ സംബന്ധിച്ചുള്ള ആശങ്കയും കാരണം പദ്ധതി നിർവ്വഹണത്തിൽ

കാലതാമസമുണ്ടായിട്ടുണ്ട്. ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനായി ചേർന്ന അവലോകന യോഗ തീരുമാനമനുസരിച്ച് ബ്രിട്ടീഷ് ഭരണകാലം മുതൽ നിലവിലുള്ളതും ഇപ്പോൾ ഉപയോഗ ശൂന്യമായതുമായ കനാലുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല കമ്മിറ്റികളുടെ റിപ്പോർട്ട് പരിശോധിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (2) ദൈവദശകം ശതാബ്ദി ആഘോഷം

ശ്രീ. വർക്കല കഹാർ: ദൈവദശകം ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് ശിവഗിരിയിൽ ഒരു സർവ്വമത പാഠശാല സ്ഥാപിക്കാനും ദൈവദശകം സ്മാരക ശതാബ്ദി സ്റ്റാമ്പ് പുറത്തിറക്കാനും ദൈവദശകത്തിന്റെ ഇംഗ്ലീഷ്/മലയാളം പതിപ്പ് പുറത്തിറക്കാനും ദൈവദശകം ശതാബ്ദി അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശിവഗിരിയിൽ ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനായി സാംസ്കാരിക വകുപ്പ് മൂന്ന് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദൈവദശകം സ്മാരക ശതാബ്ദി സ്റ്റാമ്പ് പുറത്തിറക്കാനുള്ള ശുപാർശ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്. മറ്റ് നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

## (3) കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും)

## നിയമം

ശ്രീ. എ. പ്രദീപ്കുമാർ: കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും) നിയമത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭ്യമാക്കി ഏറ്റെടുക്കേണ്ട ഭൂമി ഏറ്റെടുക്കുന്നതിനും പ്രസ്തുത നിയമം പ്രാവർത്തികമാക്കാനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കോമൺവെൽത്ത് ട്രസ്റ്റിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പ്രശ്നങ്ങൾ കാരണം ബില്ലിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിരുന്നില്ല. ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാനം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചാലുടൻ ബില്ലിന് അംഗീകാരം ലഭിക്കുന്നതാണ്.

## (4) പോലീസ് ക്വാർട്ടേഴ്സ് പുനർനിർമ്മിക്കൽ

ശ്രീ. എം. ഹംസ: ഒറ്റപ്പാലം പോലീസ് ക്വാർട്ടേഴ്സ് ഫ്ളാറ്റുകളാക്കി പുനർനിർമ്മിക്കുന്നതിനും ഒറ്റപ്പാലം കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പാലപ്പുറം പത്തൊമ്പതാം മൈലിൽ പോലീസ് ഡിപ്പാർട്ടുമെന്റിന് സ്വന്തമായുള്ള 1.91 ഏക്കർ സ്ഥലത്ത് 2007 ഫെബ്രുവരിയിൽ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പണിത ആറ് ക്വാർട്ടേഴ്സുകളും പുതുതായി നിർമ്മിച്ച ജനമൈത്രി സെന്ററും ഡ്യൂട്ടിക്കെത്തുന്ന പോലീസുകാർക്ക് വിശ്രമിക്കാനുള്ള കെട്ടിടവും സ്ഥിതിചെയ്യുന്നുണ്ട്. 2012-13-ലെ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് (എം.ഒ.പി.എഫ്) വിഭാഗത്തിൽപ്പെടുത്തി പാലക്കാട് ജില്ലയ്ക്ക് അനുവദിച്ച ആറ് സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾക്കായി മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ് അനുവദിച്ച 87 ലക്ഷം രൂപ ഒറ്റപ്പാലത്തെ ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിലാണ് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻഗണന നൽകുന്നത്.

## (5) അദ്ധ്യാപക തസ്തികകൾ

ശ്രീ. സി. മോയിൻകുട്ടി: തിരുവമ്പാടി നിയോജകമണ്ഡലത്തിലെ

കൊടിയത്തൂർ ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിന് ആവശ്യമായ അദ്ധ്യാപക തസ്തികകൾ അനുവദിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 22-02-2011-ലെ ഉത്തരവുപ്രകാരം ഹൈസ്കൂളുകളാക്കി ഉയർത്തിയ കോഴിക്കോട് ജില്ലയിലെ ചെറുവാടി, നല്ലളം ഗവൺമെന്റ് സ്കൂളുകളിൽ അടിസ്ഥാന വിഷയങ്ങൾക്കും ഭാഷയ്ക്കുമായി രണ്ട് ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികകൾ വീതവും ക്ലാർക്ക്, പ്യൂൺ എന്നിങ്ങനെ ഓരോ തസ്തികയും അനുവദിക്കുകയും അധിക തസ്തികകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരികയുമാണ്. അദ്ധ്യാപക ബാങ്കിലുള്ള ഗവൺമെന്റ് സ്കൂളുകളിലെ അധിക സംരക്ഷിത അദ്ധ്യാപകരെ വിവിധ വിഭാഗങ്ങളിലായി നിയമിക്കുന്നതിന് ചെറുവാടി ഹൈസ്കൂളിൽ പതിനേഴും നല്ലളം ഹൈസ്കൂളിൽ ഇരുപത്തിയഞ്ചും തസ്തികകൾ സൃഷ്ടിക്കാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതുവരെ ബദൽ സംവിധാനം ഏർപ്പെടുത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും കോഴിക്കോട് ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർക്കും നിർദ്ദേശം നൽകിയതിനെത്തുടർന്ന് ചെറുവാടി, നല്ലളം ഹൈസ്കൂളുകളിൽ പുനർവിന്യാസവും സ്ഥലംമാറ്റവും മുഖേന

യഥാക്രമം 16, 25 അദ്ധ്യാപകരെ വീതം നിയമിച്ചിട്ടുണ്ട്.

## (6) കോട്ടോപ്പാടം ഉപജില്ല വിദ്യാഭ്യാസ ഓഫീസ്

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് കോട്ടോപ്പാടം ആസ്ഥാനമാക്കി ഉപജില്ല വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഗവൺമെന്റ്, അൺ-എയ്ഡഡ്, എയ്ഡഡ് മേഖലകളിലായി 107 സ്കൂളുകളും മൂവായിരത്തിലധികം വിദ്യാർത്ഥികളും ആയിരത്തിൽപ്പരം അദ്ധ്യാപകരും മണ്ണാർക്കാട്, അട്ടപ്പാടി, ശ്രീകൃഷ്ണപുരം എന്നീ ബ്ലോക്കുകളിലായി 13 ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് അലനെല്ലൂരോ അട്ടപ്പാടിയോ കേന്ദ്രീകരിച്ച് പുതിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കുന്നതിനുള്ള ശുപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മണ്ണാർക്കാട് ഉപജില്ല വിഭജിക്കുന്ന കാര്യത്തിൽ യുക്തമായ തീരുമാനമെടുക്കുന്നതാണ്.

## (7) തൊട്ടിൽപ്പാലം സബ് ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. ഇ. കെ. വിജയൻ: തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വയനാട് ജില്ലയിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്ന് നാൽപ്പത് ഷെഡ്യൂളുകൾക്ക് അനുവാദം നൽകുകയും നാൽപ്പത്തിയഞ്ച് ബസ്സുകൾ ഇതിനായി അനുവദിക്കുകയും ചെയ്തെങ്കിലും സ്പെയർപാർട്ട്സ്, ടയർ എന്നിവയുടെ ദൗർലഭ്യംമൂലം 33 ഷെഡ്യൂളുകൾമാത്രമാണ് ഓപ്പറേറ്റ് ചെയ്തിട്ടുള്ളത്. തൊട്ടിൽപ്പാലം കോഴിക്കോട് റൂട്ടിൽ ഒമ്പത് ചെയിൻ സർവ്വീസുകളുള്ളതിൽ ഏഴ് സർവ്വീസുകൾ പ്രതിദിനം നടത്തുന്നുണ്ട്. ടയറിന്റെയും സ്പെയർപാർട്സിന്റെയും ലഭ്യതക്കുറവ് പരിഹരിക്കുന്നതോടുകൂടി ഡിപ്പോയിൽനിന്ന് കൂടുതൽ ബസ് സർവ്വീസ് നടത്താൻ സാധിക്കുന്നതാണ്.

## (8) ലത്തീൻ കത്തോലിക്കക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ആർ. സെൽവരാജ്: 1936 മുതൽ വിവിധ സംവരണാനുകൂല്യങ്ങൾ ലഭിച്ചുവരുന്ന ലത്തീൻ കത്തോലിക്കക്കാർക്ക് പല കാരണങ്ങളാൽ റവന്യൂ അധികാരികൾ സർട്ടിഫിക്കറ്റുകൾ നിഷേധിക്കുന്ന നടപടി അവസാനിപ്പിച്ച് രൂപതാ അദ്ധ്യക്ഷന്മാർ നൽകുന്ന സർട്ടിഫിക്കറ്റിന് അംഗീകാരം നൽകാനും പ്രസ്തുത വിഭാഗം

നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും നടപടി സ്വീകരിക്കണം

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): 4-11-2010-ലെ സർക്കാർ ഉത്തരവുപ്രകാരവും 22-8-2011- ൽ പട്ടികജാതി വകുപ്പ് ഇറക്കിയ സർക്കുലർ അടിസ്ഥാനമാക്കിയും 1947-ന് മുമ്പ് ലത്തീൻ കത്തോലിക്കാ വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റിന് അർഹതയുള്ളു. ജാതിസംഘടനകൾ, മതപുരോഹിതന്മാർ എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റുകളെ ആശ്രയിക്കാതെ അപേക്ഷകർ ഹാജരാക്കുന്ന രേഖകൾ, വില്ലേജാഫീസർ നടത്തുന്ന പ്രാദേശികാന്വേഷണം എന്നിവയുടെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ 1947 എന്ന കാലപരിധി ഒഴിവാക്കിക്കൊണ്ട് ലത്തീൻ കത്തോലിക്കാ മതവിശ്വാസികളായി ജീവിക്കുന്നു എന്ന് ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റുകൂടി പരിഗണിച്ച് എല്ലാ ലത്തീൻകത്തോലിക്കാ സമുദായങ്ങൾക്കും ജാതി സർട്ടിഫിക്കറ്റ് നൽകണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനങ്ങൾ പരിഗണിച്ചുകൊണ്ട് 4-4-2012-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകമായ ഒരു രേഖയായി പരിഗണിക്കേണ്ടതാണെന്നും

പ്രസ്തുത രേഖയുടെയും വില്ലേജാഫീസർ നടത്തുന്ന പ്രാദേശികാന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്കാസമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. രൂപതാ അദ്ധ്യക്ഷന്മാർ നൽകുന്ന സർട്ടിഫിക്കറ്റിന് അംഗീകാരം നൽകി ലത്തീൻ കത്തോലിക്കക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകിയാൽ സംവരണാനുകൂല്യം ലഭിക്കുന്ന ഇതര സമുദായക്കാരും സമാനമായ ആവശ്യം ഉന്നയിക്കുകയും അനർഹർക്ക് സംവരണാനുകൂല്യം ലഭിക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുമെന്നതിനാൽ രൂപതാ അദ്ധ്യക്ഷന്മാർ നൽകുന്ന സർട്ടിഫിക്കറ്റുപ്രകാരം ജാതിസർട്ടിഫിക്കറ്റ് നൽകുകയെന്നത് പ്രായോഗികമല്ല. ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ അനുഭാവപൂർവ്വം പരിഗണിച്ച് നിയമാനുസൃതം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) കടലാക്രമണം

<u>ശ്രീ. പി. തിലോത്തമൻ:</u> ചേർത്തലയിലെ തീരദേശമേഖലയിലുണ്ടാകുന്ന കടലാക്രമണം തടയുന്നതിന് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നാശനഷ്ടങ്ങൾക്കിരയായവർക്ക് ധനസഹായം നൽകുന്നതിനും അർത്തുങ്കൽ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനും

ആവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്ക് 75 ശതമാനം കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 49.39 ലക്ഷം രൂപയ്ക്ക് കേന്ദ്രസർക്കാരിന്റെയും തുടർന്ന് സംസ്ഥാന സർക്കാരിന്റെയും ഭരണാനുമതി ലഭ്യമാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തോടെയാണ് ചേർത്തലയിൽ കടലാക്രമണം രൂക്ഷമായതെന്ന് ആരോപിച്ച് ഹാർബറിന്റെ പ്രവൃത്തി ജനങ്ങൾ തടസ്സപ്പെടുത്തിയ സാഹചര്യത്തിൽ 15-5-2014-ൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ കൂടിയ യോഗതീരുമാനമനുസരിച്ച് കടലാക്രമണം നേരിടുന്ന വീടുകൾക്ക് താൽക്കാലിക സംവിധാനമേർപ്പെടുത്തുകയും ഫിഷിംഗ് ഹാർബറുകൾക്ക് ഐ.ഐ.റ്റി. ചെന്നൈയുടെ പഠനറിപ്പോർട്ടുപ്രകാരം നബാർഡിന്റെ ധനസഹായത്തോടെ പുലിമുട്ട് ശൃംഖലകൾ നിർമ്മിക്കാനും കടലാക്രമണത്തിൽ നാശനഷ്ടത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് പ്രശ്നം പരിഹരിക്കാനും ഹാർബർ നിർമ്മാണം പുനരാരംഭിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

## (10) പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധി

ഡോ. എൻ. ജയരാജ്: പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ സത്വര നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): 2012-13 ബഡ്ജറ്റിൽ പ്രാദേശിക പത്ര പ്രവർത്തകർക്കായി ക്ഷേമനിധി പ്രഖ്യാപിക്കുകയും ക്ഷേമനിധി രൂപീകരിക്കാനുള്ള ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രാദേശിക പത്രപ്രവർത്തനത്തിൽ ആരെല്ലാം ഉൾപ്പെടുമെന്നതിനെ സംബന്ധിച്ച് ഇതുവരെ ധാരണയിലെത്തിയിട്ടില്ല. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി നടപടി സ്വീകരിക്കുന്നതാണ്.

## (11) ഡോക്ടർമാരുടെയും ജീവനക്കാരുടെയും അപര്യാപ്തത

ശ്രീ. സി. പി. മുഹമ്മദ്: പട്ടാമ്പി താലൂക്കാശുപത്രി, കൊപ്പം സി.എച്ച്.സി. എന്നിവിടങ്ങളിലേയ്ക്കാവശ്യമായ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താനും പട്ടാമ്പി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്താനും പ്രസ്തുത ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

(ശ്രീ. വി. എസ്. ശിവകുമാർ): പട്ടാമ്പി താലൂക്കാശുപത്രിയിൽ 7 ഡോക്ടർമാരുടേതുൾപ്പെടെ 47 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സൂപ്രണ്ടിന്റേതുൾപ്പെടെ നാല് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭ്യമാകുന്നമുറയ്ക്ക് സൂപ്രണ്ട്, കൺസൾട്ടന്റ് എന്നീ തസ്തികകളുടെയും സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി. ബിരുദമുള്ളവരിൽനിന്നും സ്പെഷ്യാലിറ്റി കേഡർ നിയമനംവഴി ജൂനിയർ കൺസൾട്ടന്റുമാരുടെയും പി.എസ്.സി. മുഖേന സ്റ്റാഫ് നഴ്സുമാരുടെയും പ്രൊമോഷൻ മുഖേന നഴ്സിംഗ് അസിസ്റ്റന്റിന്റെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അറ്റൻഡറുടെയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ ആശുപത്രിയിൽ ഒരു ഡോക്ടറുടെയും ഒരു ഫാർമസിസ്റ്റിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയവും ജില്ലാ ആശുപത്രിയായി ഉയർത്തുന്ന കാര്യവും പരിശോധിക്കുന്നതും പ്രസ്തുത ആശുപത്രിയിൽ കാരുണ്യ ഫാർമസി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കൊപ്പം സി.എച്ച്.സി.-യിൽ ഒരു സൂപ്രണ്ടിന്റെയും രണ്ട് അസിസ്റ്റന്റ് സർജൻമാരുടേതടക്കം 66 തസ്തികകൾ അനുവദിക്കുകയും എൻ.ആർ.എച്ച്.എം. മുഖേന ഒരു ഡോക്ടറുടെ സേവനവും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒഴിവുള്ള മറ്റ് തസ്തികകൾ നികത്തുന്നതിന് നടപടി

സ്വീകരിക്കുന്നതാണ്.

## (12) പഴശ്ശി പദ്ധതിയുടെ ഷട്ടർ, കനാൽ നവീകരണം

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസേചന പദ്ധതിയുടെ ഷട്ടറുകളും കനാലുകളും നവീകരിച്ച് ജലം സംഭരിക്കാനും പദ്ധതിക്കായി ഏറ്റെടുത്തതിൽ ആവശ്യമില്ലാത്ത സ്ഥലം ഉടമസ്ഥരിൽനിന്ന് വിലവാങ്ങി തിരികെ നൽകാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പഴശ്ശി ജലസേചന പദ്ധതിയുടെ രണ്ട് ഷട്ടറുകളുടെ പുനർനിർമ്മാണം പൂർത്തീകരിക്കുകയും പുനർനിർമ്മാണം പൂർത്തീകരിക്കാനുള്ള 14 ഷട്ടറുകളുടെ പ്രവൃത്തി കെൽ-നെ ചുമതലപ്പെടുത്തിയതിൽ ആറ് ഷട്ടറുകളുടെ പണി പൂർത്തീകരിക്കുകയും രണ്ട് ഷട്ടറുകളുടെ പണി പുരോഗതിയിലുമാണ്. എല്ലാ ഷട്ടറുകളുടെയും പുനർനിർമ്മാണ പ്രവൃത്തി 2015 മാർച്ച് മാസം അവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. സമ്മർ സീസണിലെ ജലവിതരണത്തിനായി നവംബർ മാസം അവസാനം ബാരേജിന്റെ എല്ലാ ഷട്ടറുകളും അടച്ച് റിസർവോയറിൽ ജലസംഭരണം നടത്തുന്നതാണ്. വെള്ളപ്പൊക്കകെടുതിയെ തുടർന്നുണ്ടായ റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റിനുംവേണ്ടി 10 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കനാൽ പുനരുദ്ധരിക്കാനായി ഏറ്റെടുത്ത ഒമ്പത് പ്രവൃത്തികളിൽ നാലെണ്ണം

പൂർത്തീകരിക്കുകയും ബാക്കിയുള്ളവ പുരോഗതിയിലുമാണ്.

### (13) കാനത്തോട് റെഗുലേറ്റർ -കം- ബ്രിഡ്ജ്

പ്രൊഫ. സി. രവീന്ദ്രനാഥ്: കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കാനത്തോട് റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ പ്രവൃത്തിക്ക് 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 2013-ൽ മാറിയതോടെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് CPWD റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി VI-ന്റെ താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(i) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

(ii) 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത്

റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

## ധനകാര്യം

### 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം (107,16,92,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം (308,37,02,000 രൂപ)

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത് (348,31,30,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും (1868,71,75,000 രൂപ)

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

(ശ്രീ. കെ.എം. മാണി): ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI -ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. ജെയിംസ് മാത്യു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രതിപക്ഷം ഉയർത്തുന്ന ക്രിയാത്മക വിമർശനങ്ങൾ ഉൾക്കൊള്ളുന്നതിനുപകരം എൽ.ഡി.എഫ്. ഗവൺമെന്റിനുമേൽ പഴിചാരി ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ ഉപഭോഗത്തിനനുസൃതമായി പാൽ ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ചിന്തിക്കണം. കുളമ്പുരോഗബാധമൂലം കറവമാടുകൾ ചത്തൊടുങ്ങിയപ്പോൾ ന്യായമായ ഇൻഷ്വറൻസ് തുക നൽകാതെ രോഗപ്രതിരോധത്തിനുവേണ്ടി നീക്കിവച്ച തുക വകമാറ്റി ചെലവഴിച്ചു. അന്യസംസ്ഥാനങ്ങളിൽനിന്നും രോഗബാധിരായ മൃഗങ്ങളെ കൊണ്ടുവരുന്നത്

തടയുന്നതിനായി ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിരുന്ന നിരോധനം പിൻവലിച്ചു. ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പുകളുടെ സംയുക്ത ഏകോപനത്തോടെ രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബഹുജന അവബോധം സൃഷ്ടിക്കണം. ക്ഷീരവികസന രംഗത്ത് സർക്കാർ-തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് നൽകുന്ന ധനസഹായ തുകകളിലെ അന്തരവും സർക്കാർ നിർദ്ദേശാനുസരണമുള്ള പദ്ധതി വിഹിതത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകാത്തത് സംബന്ധിച്ചും പുന:പരിശോധനാ വിധേയമാക്കണം. പാൽ വില വർദ്ധനവിന്റെ ഗുണഫലം യഥാർത്ഥ ക്ഷീരകർഷർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഭക്ഷ്യ സുരക്ഷാനിയമത്തിൽ അനുശാസിക്കുന്ന ഗുണനിലവാര സ്റ്റാൻഡേർഡ് കാലോചിതമായി പരിഷ്ക്കരിച്ച് ക്ഷീരസംഘങ്ങൾക്ക് പാൽ പാക്ക് ചെയ്യാനും ചില്ലിംഗ് നടത്താനുമുള്ള അനുമതി നൽകിക്കൊണ്ട് ക്ഷീരവ്യവസായ സംരംഭത്തെ പ്രോത്സാഹിപ്പിക്കണം. തളിപ്പറമ്പ് ക്ഷീരബ്ലോക്കിലെ പുതിയ ആറ് ബ്ലോക്കുകളിൽ ക്ഷീര വികസന ബ്ലോക്കുകൾ ആരംഭിക്കാനും നിറുത്തലാക്കിയ ക്ഷീര ബ്ലോക്കുകൾ ഇപ്പോഴും തുടരുന്നതിലെ അശാസ്ത്രീയത പരിഹരിക്കാനും കഴിയണം. ബ്ലോക്ക്

പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും പദ്ധതി വിഹിതം വയ്ക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ആളായിരിക്കണമെന്നുമുള്ള സർക്കുലർ പുന:പരിശോധനയ്ക്ക് വിധേയമാക്കണം. തരിശായി കിടക്കുന്ന സർക്കാർവക ഭൂമിയിൽ തീറ്റപുൽ കൃഷി പ്രോത്സാഹിപ്പിക്കണം. പഴശ്ശി ഇറിഗേഷൻ വക സ്ഥലത്ത് പുൽക്കൃഷി നടത്താനുള്ള ക്ഷീരസഹകരണ സംഘത്തിന്റെ ആവശ്യം പരിഗണിക്കാൻ തയ്യാറാകണം. ഉത്തരവുകൾ കൃത്യമായി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിക്കുന്നില്ല.

<u>ശ്രീ. എം. എ. വാഹീദ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്ലാൻ ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. സാമ്പത്തിക വർഷാവസാനംമാത്രം പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്ന പഞ്ചായത്തുകളുടെ സമീപനം അവസാനിപ്പിക്കുന്നതിനുവേണ്ടി ആസൂത്രണത്തിൽ വ്യതിയാനം വരുത്തണം. അഞ്ച് വർഷത്തേയ്ക്കാവശ്യമായ വികസനകാര്യങ്ങളെക്കുറിച്ച് ഒരു ഷെൽഫ് ഓഫ് പ്രോജക്ട് ഉണ്ടാക്കി പ്ലാൻ ഫണ്ടുപയോഗിച്ച് മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ ചെയ്താൽ ഗ്രാമ പഞ്ചായത്തുകളിൽ സ്ഥായിയായ ആസ്തികൾ സ്ഥാപിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

തെരഞ്ഞെടുപ്പ് എളുപ്പത്തിൽ നടത്തുന്നതിനും അധിക സാമ്പത്തിക ചെലവുകൾ ഒഴിവാക്കുന്നതിനുമായി പാർലമെന്റ്/നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഉപയോഗിക്കുന്ന വോട്ടർ പട്ടികതന്നെ പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഉപയോഗിക്കുകയും പാർലമെന്റ്/നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഉണ്ടാക്കിയിരിക്കുന്ന പോളിംഗ് സ്റ്റേഷന്റെ അതിർത്തികളെ ഗ്രാമപഞ്ചായത്ത് വാർഡുകളാക്കി മാറ്റുകയും ചെയ്യണം. മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ലഭ്യമാക്കാൻ നടപടിയുണ്ടാകണം. ടെണ്ടർ എക്സസ് നൽകി പി.എം.ജി.എസ്. വൈ. പദ്ധതിവഴി റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. തൊഴിൽ ഉറപ്പ് പദ്ധതിയിലൂടെ കാർഷിക മേഖലയുടെ വികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വയോജനങ്ങളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ അധിക തുക വകയിരുത്താനും മെയിന്റനൻസ് ട്രിബ്യൂണലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താലൂക്കടിസ്ഥാനത്തിൽ ഒരു

നോഡൽ ഓഫീസറെ നിയമിച്ച് ഓഫീസ് പ്രവർത്തനം ക്രമീകരിക്കാനും നടപടിയുണ്ടാകണം. രോഗബാധിതരായ വയോജനങ്ങൾക്കായി പ്രത്യേക പാക്കേജ് ഉണ്ടാക്കണം. വയോജനസംരക്ഷണത്തിന് പ്രോത്സാഹനം നൽകുന്ന രീതിയിൽ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതോടൊപ്പം വയോജനങ്ങൾക്ക് ആവശ്യമായ ആയുർവ്വേദ ചികിത്സ ലഭ്യമാക്കുന്നതിനും പെൻഷൻ കൈപ്പറ്റുന്നതിന് ട്രഷറി ഉൾപ്പെടെയുള്ള ഓഫീസുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് ജോലി നിശ്ചയിച്ചുകൊടുക്കുകയും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുകയും മിൽമ പാലിന്റെ വില നിയന്ത്രിക്കുകയും പി.എം.ജി.എസ്.വൈ. പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുകയും വേണം.

<u>ശ്രീ. പി. കെ. ബഷീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാൻസർ സുരക്ഷാ പദ്ധതി, താലോലം, ശ്രുതി തരംഗം, ആശ്വാസ കിരണം, സ്നേഹ സ്പർശം തുടങ്ങി വിവിധ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന് സാധിച്ചു. വയോമിത്രം പദ്ധതി പഞ്ചായത്തുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനും സമാശ്വാസ പദ്ധതിക്ക് ആവശ്യമായ തുക

വകയിരുത്തുന്നതിനും വിവാഹ ധനസഹായ പദ്ധതി വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് പഞ്ചായത്ത് മെമ്പർമാർക്കും സന്നദ്ധ സംഘടനകൾക്കും ബോധവൽകരണം നടത്തുന്നതിനും നേട്ടങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. വിവാഹ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതോടൊപ്പം പ്രവാസികൾക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുകയും വേണം. വാർഡുകൾതോറും ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിക്കണം. മലപ്പുറത്തെ ചൈൽഡ് വെൽഫെയൽ കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് അന്വേഷിക്കണം. മുൻ വർഷങ്ങളെ അപേക്ഷിച്ച് 2013-14-ൽ തൊഴിലുറപ്പു പദ്ധതിയിൻകീഴിലുള്ള തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്.

ശ്രീ. തോമസ് ചാണ്ടി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗ്രാമീണ റോഡുകളുടെ മെയിന്റനൻസ് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുകയും അതുസംബന്ധിച്ച ജോലികൾ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. പി.എം.ജി.എസ്.വൈ. പദ്ധതിയിൻ കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനമേറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകാത്തതിന് പരിഹാരമുണ്ടാക്കുകയും റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുകയും വേണം. സംസ്ഥാനത്ത് ഗുണമേന്മയുള്ള പാൽ

ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പി.എം.ജി.എസ്.വൈ. ഫണ്ട് സംസ്ഥാന ഗവൺമെന്റിന്റെകൂടി ധനസഹായത്തോടെ വിനിയോഗിക്കുന്നതിന് സാധിക്കുന്നുണ്ട്. സംസ്ഥാനത്ത് തകർന്നുകിടക്കുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് വകുപ്പും ഗ്രാമവികസന വകുപ്പും സംയുക്തമായി ഒരു സ്പെഷ്യൽ പാക്കേജിന് രൂപം നൽകണം. കന്നുകാലികൾക്കുണ്ടായ കുളമ്പ് രോഗം നിയന്ത്രിക്കുന്നതിന് കാര്യക്ഷമമായ ഇടപെടൽ നടത്തി ക്ഷീരകർഷകരെ സഹായിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും വാർഷിക ഉൽപ്പാദനവും പ്രതിദിന ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ക്ഷീര വികസന ഓഫീസുകൾ ആരംഭിക്കണം. കുടുംബശ്രീയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അതിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്ന മുഴുവൻ വനിതകളെയും അതിന്റെ ഭാഗമാക്കുന്നതിനും ദൈനംദിന പ്രവർത്തനങ്ങൾക്ക് പുറമേ സ്വന്തമായി പ്രോജക്ടുകൾ ഏറ്റെടുക്കത്തക്ക നിലയിലേയ്ക്ക് അവയെ കൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്. കുടുംബശ്രീയിലൂടെ മട്ടുപ്പാവ് കൃഷി വ്യാപകമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി

സ്വീകരിച്ചിട്ടുണ്ട്. എം. എൻ. ലക്ഷം വീട് പദ്ധതിയനുസരിച്ച് നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി താമസയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വാർദ്ധക്യകാല പെൻഷന്റെ വരുമാനപരിധി മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. പഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് മുൻകൂർ സാങ്ഷൻ നൽകുന്നതിനും സൈക്കോ-സോഷ്യോ കൗൺസിലേഴ്സിനെ സ്ഥിരപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആർ. സെൽവരാജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജോലിഭാരത്തിനനുസൃതമായി പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 'കില'യുടെ പ്രാദേശിക കേന്ദ്രം തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കുന്നതിനും വാർഡ് അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ള ലേബർ ബാങ്കിന്റെ പ്രവർത്തനം പരിശോധിക്കുന്നതിനും നടപടിയുണ്ടാകണം. വികലാംഗരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നെയ്യാറ്റിൻകര മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിച്ച അദാലത്ത് വളരെയേറെ ഫലപ്രദമായിരുന്നു. ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ

ലഭ്യമാക്കാൻ സർക്കാർ മേഖലയിൽ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ബി. ഡി. ദേവസ്സി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാജ്യത്തിന് മാതൃകയായ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണത്തെയും വികേന്ദ്രീകൃത ആസൂത്രണത്തെയും തകർക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. ഗ്രാമസഭകളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള തുക പ്ലാൻഫണ്ടിൽനിന്ന് കണ്ടെത്തണമെന്നും രണ്ടുകൊല്ലത്തെ പ്രോജക്ട് ഒരുമിച്ച് നടത്തണമെന്നുമുള്ള നിർദ്ദേശം പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ഗുണകരമല്ല. ഉല്പാദനമേഖലയ്ക്ക് ഊന്നൽ നൽകുന്നതിനും തകർന്നുകിടക്കുന്ന പഞ്ചായത്ത് റോഡുകൾ നന്നാക്കുന്നതിനും നടപടി സ്വീകരിക്കണം. നിലവിലുള്ള മാനദണ്ഡങ്ങൾ മാറ്റി സ്ത്രീശാക്തീകരണത്തിന് വഴിതെളിച്ച കുടുംബശ്രീ പ്രസ്ഥാനത്തെ തകർക്കാനുള്ള ശ്രമം ഉപേക്ഷിക്കണം. തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിലുണ്ടായിരുന്ന മുനമ്പം-അഴീക്കോട് ജങ്കാർ സർവ്വീസ് പുനരാരംഭിക്കണം. പഞ്ചായത്തുകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങളെല്ലാം മാനദണ്ഡങ്ങൾക്കനുസരിച്ച് നീതിപൂർവ്വം നടത്തണം. മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി വയോജന കമ്മീഷൻ രൂപീകരിക്കുകയും സ്ത്രീകളുടെ സുരക്ഷയ്ക്കുവേണ്ടി

പഞ്ചായത്തുതലത്തിൽ ആരംഭിച്ച ജാഗ്രതാ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. എല്ലാ ജില്ലാ പഞ്ചായത്തുകളുടെയും ബാങ്ക് അക്കൗണ്ട് അതാത് ജില്ലകളിൽത്തന്നെ അനുവദിക്കണം. തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് കൂടുതൽപേരെ ആകർഷിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണം. കുളമ്പുരോഗ ബാധയെത്തുടർന്ന് നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് പ്രഖ്യാപിച്ച നഷ്ടപരിഹാരത്തുക എത്രയുംവേഗം വിതരണം ചെയ്യണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതത്തിന്റെ 84 ശതമാനം ചെലവഴിക്കാനും ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ വളർച്ച ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ഭരണ നിർവ്വഹണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. പഞ്ചായത്തുകളിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ സൃഷ്ടിച്ചതും ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ചതും ജനാധിപത്യ ശാക്തീകരണവുമായി ബന്ധപ്പെട്ട് അന്തർദ്ദേശീയ സെമിനാർ നടത്തിയതും സാമൂഹ്യ നീതി മുൻനിർത്തിക്കൊണ്ട് സ്നേഹസ്പർശം, താലോലം, നിർഭയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതും ശ്ലാഘനീയമാണ്. കേന്ദ്രവിഹിതത്തിനുപുറമെ 115.82 കോടി രൂപ മുടക്കി പി.എം.ജി.എസ്.വൈ.-യിൽപ്പെട്ട 155 റോഡുകളുടെ

പണി പൂർത്തീകരിച്ചത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇറാഖിലകപ്പെട്ട 46 നഴ്സുമാരെ സുരക്ഷിതരായി നാട്ടിലെത്തിച്ച നടപടി ശ്ലാഘനീയമാണ്. കേന്ദ്രവിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിനും ഗ്രാമീണ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ വായ്പകളുടെ പലിശ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശങ്കകൾ ദൂരീകരിക്കണം. പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനും പദ്ധതിവിഹിതം യഥാസമയം ചെലവഴിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. സ്ഥലം ലഭ്യമാകുന്ന പഞ്ചായത്തുകളിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ പൊതുശ്മശാനങ്ങൾ ആരംഭിക്കണം. 'കില'യെ ലോക്കൽ ഗവൺമെന്റ് യൂണിവേഴ്സിറ്റിയാക്കി മാറ്റാനാവശ്യമായ നടപടി സ്വീകരിക്കണം. സാമൂഹ്യസുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതികളെല്ലാം വൻവിജയമായിരിക്കുകയാണ്. മുൻജനപ്രതിനിധികൾക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണം. 'ക്ലീൻ പഞ്ചായത്ത് ഗ്രീൻ പഞ്ചായത്ത്' എന്ന നിലയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം.

ശ്രീമതി പി. അയിഷാ പോറ്റി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിക്കാതെ ത്രിതല പഞ്ചായത്ത് സംവിധാനത്തെ അട്ടിമറിക്കുന്നതിനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ വർഷം 2000 കോടി രൂപ നഷ്ടമായിരിക്കുകയാണ്. ഗ്രാമീണ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനും സേവന മേഖലകളുടെ ശാക്തീകരണത്തിനും സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുമായി വകയിരുത്തിയ പണം വകമാറ്റി ചെലവഴിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുകയും ഐ.എ.വൈ./ഇ.എം.എസ്. ഭവനപദ്ധതികൾ അട്ടിമറിക്കുകയും ചെയ്തത് അപലപനീയമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ട് വെട്ടിച്ചുരുക്കുകയും പദ്ധതിപ്പണം വകമാറ്റി ചെലവഴിക്കുകയും ചെയ്തതുമൂലം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. കൊട്ടാരക്കരയിൽ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് സ്വപ്നപദ്ധതിയായി

മാറിയിരിക്കുകയാണ്. കുടിശ്ശികപ്പണം കൊടുക്കാത്തതിനാൽ കരാറുകാർ പണികൾ ഏറ്റെടുക്കാൻ തയ്യാറാകാത്തതുമൂലം നിർമ്മാണമേഖല സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതി ഇപ്പോൾ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ഭൂവികസനം, കൃഷി തുടങ്ങി സമസ്ത മേഖലകളിലും തൊഴിലുറപ്പ് പദ്ധതി വ്യാപകമാക്കണം. ഐ.എ.വൈ. പ്രകാരവും പട്ടികജാതി വികസന വകുപ്പുവഴിയും അനുവദിക്കുന്ന വീടുകൾ തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനും സ്പെഷ്യൽ പ്ലാനിംഗ് സമ്പ്രദായത്തിലൂടെ ജില്ലാപദ്ധതികളും പ്രാദേശികവികസന പദ്ധതികളും ദീർഘവീക്ഷണത്തോടുകൂടി നടപ്പാക്കുന്നതിനും ക്ഷേമപെൻഷനുകളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും അംഗൻവാടി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. സമൂഹത്തിൽ ഏറ്റവും പ്രയാസമനുഭവിക്കുന്ന ജനങ്ങളുടെ ഉന്നമനത്തിന് വേണ്ടി നിലകൊള്ളുന്ന ഒരു സർക്കാരാണിത്. കാൻസർ സുരക്ഷാ പദ്ധതി, പതിനെട്ട് വയസ്സിന് താഴെയുള്ള കാൻസർ ബാധിച്ച കുട്ടികൾക്ക് സൗജന്യ ചികിത്സ, സ്നേഹപൂർവ്വം തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ

ശ്ലാഘനീയമാണ്. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞു. പഞ്ചായത്തുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഐ.കെ.എം. (ഇൻഫർമേഷൻ കേരള മിഷൻ) സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യണം. വാർഷിക പദ്ധതികളും ബഡ്ജറ്റും തമ്മിൽ ഏകോപനമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അനിവാര്യമായ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ പറ്റുന്ന തരത്തിൽ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകി നന്നായി പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്കുതന്നെ ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. ക്ഷേമപദ്ധതികളെല്ലാം പഞ്ചായത്തിൽ ഏകീകരിക്കപ്പെടുന്ന സംവിധാനത്തെക്കുറിച്ച് പഠനം നടത്തണം.

ഇട്ടിവ ഗ്രാമപഞ്ചായത്തിനെ മദ്യവിമുക്തമാക്കാനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. മദ്യവിൽപ്പന എക്സൈസ് വകുപ്പിന് കീഴിലാണെങ്കിലും മദ്യ നിർമ്മാർജ്ജനത്തിന്റെ ഉത്തരവാദിത്തം പഞ്ചായത്ത്

വകുപ്പിന് നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണം. ജപ്പാനിലുള്ളതുപോലെ അഗ്രി പോലീസ് സംവിധാനം ഏർപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയിലൂടെ പാൽ ഉൾപ്പെടെയുള്ള ഭക്ഷണ പദാർത്ഥങ്ങളുടെ പരിശുദ്ധി ഉറപ്പുവരുത്താനും മായം കലർത്തി ഭക്ഷണസാധനങ്ങൾ വിൽക്കുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യാനും കഴിയണം. ബി.പി.എൽ. കുടുംബങ്ങളിലെ കർഷകർ വളർത്തുന്ന കന്നുകാലികൾക്ക് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യാൻ തയ്യാറാകണം. മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിക്കണം.

ശ്രീ. പാലോട് രവി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമൂഹ്യ സുരക്ഷിതത്വും ക്ഷേമവും ഉറപ്പുവരുത്താനുള്ള നിരവധി പദ്ധതികൾക്ക് അടിത്തറ പാകാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമ പദ്ധതികളുമായി എത്രമാത്രം ബന്ധിപ്പിക്കാൻ കഴിഞ്ഞുവെന്നത് സംബന്ധിച്ച് പഠനം നടത്തണം. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ തടയാൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളുമായാണ് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തെ ലക്ഷക്കണക്കിന് വരുന്ന വൃദ്ധജനങ്ങളെ പരിപാലിക്കാനും

സംരക്ഷണം ഉറപ്പുവരുത്താനും പ്രത്യേക കോർ-ഗ്രൂപ്പുകൾ രൂപീകരിക്കണം. ദുർഗുണ പാഠശാലകളിൽ എത്തിപ്പെടുന്നവർ ഭാവിയിൽ കുറ്റവാളികളായി മാറുന്ന പ്രവണതയിൽനിന്നും രക്ഷിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. സ്ത്രീസംബന്ധമായ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും പരിഹാര നിർദ്ദേശത്തിനുമായി പഠന കേന്ദ്രം സ്ഥാപിക്കണം. അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ ലഭിക്കത്തക്കനിലയിൽ ബ്രീഡിംഗ് പോളിസിയിൽ മാറ്റം വരുത്തണം. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡുമായി സഹകരിച്ചുകൊണ്ട് അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ കർഷകർക്ക് നൽകാനുള്ള സമയബന്ധിത പരിപാടി പ്രഖ്യാപിക്കണം. പരമ്പരാഗത ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് നാല് രൂപ നിരക്കിൽ സബ്സിഡി നൽകാൻ നടപടി സ്വീകരിക്കണം. മിൽമയിൽ പാൽ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കണം. നിലവിലുള്ള പഞ്ചായത്ത് മെമ്പർമാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ 140-ഓളം പഞ്ചായത്തുകളെ മാതൃകാ പഞ്ചായത്തുകളാക്കി മാറ്റാനും

അടിസ്ഥാന സൗകര്യവികസനം പ്രാപ്തമാക്കാനും കഴിയുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തണം. റേറ്റ് റിവൈസ് ചെയ്ത പദ്ധതികൾക്ക് അംഗീകാരം നൽകാനും പത്ത് ലിറ്റർ പാൽ അളക്കുകയോ രണ്ട് പശുക്കളെ വളർത്തുകയോ ചെയ്യുന്നവരെ തൊഴിൽ ഉറപ്പ് പദ്ധതിയിൽ അംഗങ്ങളായി ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കേരളം പിന്നിലാണ്. താഴെത്തട്ടിൽ കൂടുതൽ ജനാധിപത്യവൽകൃത ഭരണകൂടമുണ്ടാക്കുകയെന്നുള്ള ലക്ഷ്യത്തിനുവേണ്ടി രാഷ്ട്രീയ വികേന്ദ്രീകരണത്തോടൊപ്പം ആസൂത്രണ-സാമ്പത്തിക-ഭരണപരമായ വികേന്ദ്രീകരണങ്ങളും ഉണ്ടാകണം. ആസൂത്രണത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിച്ച് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഉണ്ടാക്കുകയും സെൻട്രലൈസ്ഡ് പ്ലാനിംഗ് ഇല്ലാതാക്കുകയും ചെയ്യണം. ഗവൺമെന്റിന്റെ ചില പരിഷ്കാരങ്ങളിലൂടെ ഡീസെൻട്രലൈസ്ഡ് പ്ലാനിംഗിനെ സെൻട്രലൈസ്ഡ് ബ്യൂറോക്രാറ്റിക് പ്ലാനിംഗാക്കി മാറ്റിയിരിക്കുകയാണ്. പ്രാദേശിക ഭരണകൂടം ഉല്പാദന മേഖലയിൽ ഇടപെട്ട് സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തിയാൽ മാത്രമേ സംസ്ഥാനത്ത്

വികസനം സാധ്യമാകുകയുള്ളൂ. പശ്ചാത്തല വികസനത്തിനായി പഞ്ചായത്തിന് ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ശ്രമിക്കുകയും അതിനാവശ്യമായ പണം വിവിധ ഉറവിടങ്ങളിൽനിന്നും കണ്ടെത്തുകയും ചെയ്യണം. ഏക സ്റ്റാറ്റ്യൂട്ടറി ബോഡിയായ ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റിയെ ഈ ഗവൺമെന്റ് നശിപ്പിക്കുകയാണ് ചെയ്യുന്നത്. അധികാര വികേന്ദ്രീകരണവും ഗ്രാമസഭകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കുകയും പദ്ധതികളുടെ പരസ്പര പൂരകം നിലനിർത്തുന്നതിനായി അശാസ്ത്രീയമായ വാർഡ് വിഭജനം ഒഴിവാക്കുകയും വേണം. അതാത് പ്രദേശത്തിന്റെ തനിമയ്ക്ക് അനുസരണമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സ്വാതന്ത്ര്യം പഞ്ചായത്തുകൾക്ക് നൽകണം. തണൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും പ്ലാൻ ഫണ്ടിന്റെ മൂന്ന് ഗഡുവും നൽകുന്നതിനും ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിനെ ഒഴിവാക്കുന്നതിനും

പ്രാദേശികാവശ്യങ്ങൾ പരിഗണിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനും സാധിച്ചു. ക്ഷീരമേഖലയിൽ സർക്കാർ നൽകുന്ന സബ്സിഡിയും പഞ്ചായത്തുകൾ നൽകുന്ന സബ്സിഡിയും തമ്മിലുള്ള വ്യത്യാസത്തെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്. പാൽവില വർദ്ധനവിന്റെ ഗുണഫലങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീര കർഷക പെൻഷൻ, കാലിത്തീറ്റ സബ്സിഡി എന്നിവ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി പൂർത്തിയാകുമ്പോൾ പാലുൽപ്പാദന രംഗത്ത് സംസ്ഥാനം സ്വയം പര്യാപ്തമാകണമെന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. കാർഷിക മേഖല ഉൾപ്പെടെയുള്ള ഉല്പാദന മേഖലകളുമായി ബന്ധപ്പെട്ട പ്രവൃത്തികളും വികസനപരമായ മറ്റ് കാര്യങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. പ്രസ്തുത പദ്ധതി പ്രകാരം 2013-2014 സാമ്പത്തിക വർഷത്തിൽ 17 ലക്ഷം പേർക്കായി 1740.12 കോടി രൂപ കൂലിയിനത്തിൽ നൽകാനും 2011-12 സാമ്പത്തിക വർഷത്തിൽ 100 ദിവസം പൂർത്തിയാക്കിയവർക്ക് 1000 രൂപ വീതം ബോണസായി നൽകാനും സാധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചപ്പോൾത്തന്നെ എല്ലാ പഞ്ചായത്തുകളിലും ബ്ലോക്കുകളിലും ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ അനുവദിച്ചെങ്കിലും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് 69 കെട്ടിടങ്ങളുടെ പണി

ആരംഭിക്കാൻ സാധിച്ചത്. ഈ മേഖലയിൽ മിനിമം കൂലി 212 രൂപയായി ഉയർത്തിയിട്ടുണ്ട്. പി.എം.ജി.എസ്.വൈ. റോഡുകളുടെ കാര്യത്തിൽ കേരളത്തിന് ലഭിക്കുന്ന വിഹിതം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ഇന്ദിരാ ആവാസ് യോജന പ്രകാരം പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും വീടൊന്നിന് രണ്ടുലക്ഷം രൂപ വീതം നൽകുന്ന ഏക സംസ്ഥാനം കേരളമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): പഞ്ചായത്തുകൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിൽ നിന്ന് ഡി.പി.സി.യെ വിലക്കിക്കൊണ്ടുള്ള ഉത്തരവുകളൊന്നും സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടില്ല. ഗ്രാമസഭകളെ സംബന്ധിച്ച് പുതിയ ഓർഡിനൻസ് ഇറക്കുന്നതിനും വിഭിന്നശേഷിയുള്ളവർ, മുതിർന്ന പൗരന്മാർ, കുട്ടികൾ, സ്ത്രീകൾ എന്നിവരുടെ പ്രത്യേക ഗ്രാമസഭകൾകൂടി അവരുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ജാഗ്രതാ സമിതികൾ സ്റ്റാറ്റ്യൂട്ടറിയാക്കുന്നതിനും യോഗം വിളിച്ചുചേർക്കാത്ത അംഗങ്ങളെ അയോഗ്യരാക്കുന്നതിനുമുള്ള നിയമനിർമ്മാണം നടത്താനുദ്ദേശിക്കുകയാണ്. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതോടുകൂടി പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കാനും മുൻകാലങ്ങളെ അപേക്ഷിച്ച്

ഡെവലപ്മെന്റ് ഫണ്ടിന്റെ വിനിയോഗത്തിൽ 2013-14-ൽ 81.9 ശതമാനം നേട്ടം കൈവരിക്കാനും സാധിച്ചിട്ടുണ്ട്. പ്ലാൻ ഷെയറിന്റെ ഉപയോഗം പടിപടിയായി വർദ്ധിപ്പിച്ച് 40 ശതമാനമെന്ന ടാർജറ്റ് കൈവരിക്കുന്നതിനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിന് നീക്കിവച്ചിരിക്കുന്ന വിഹിതത്തിൽ കുറവ് ചെയ്തുകൊണ്ട് കാർഷിക മേഖലയ്ക്കാവശ്യമായ തുക പഞ്ചായത്തുകൾക്ക് വിനിയോഗിക്കാവുന്നതാണ്. വിവിധ വകുപ്പുകൾക്ക് കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ ലഭ്യമായാൽ അവിടെ അംഗൻവാടികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആസ്തി വികസന ഫണ്ടും സാമൂഹ്യനീതി, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ ഫണ്ടും ഉപയോഗിച്ച് അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പഴയവ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സി.ഡബ്ല്യൂ.സി.യുമായി ബന്ധപ്പെട്ട വിഷയത്തിൽ സൂക്ഷ്മപരിശോധന നടത്തുന്നതാണ്. 'കില' സർവ്വകലാശാലയാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, എച്ച്.ഐ.വി. എയ്ഡ്സ് ബാധിതർ എന്നിങ്ങനെയുള്ള പ്രത്യേക വിഭാഗത്തിൽപ്പെടുന്നവരുടെ കാര്യത്തിലാണ് കുടുംബശ്രീയുടെ ബൈലായിൽ ഭേദഗതി വരുത്തിയത്. 10 മുതൽ 20 വരെ അംഗങ്ങൾ അയൽക്കൂട്ടങ്ങളിലുണ്ടായിരിക്കണമെന്ന നിബന്ധനയിൽ ഒരു മാറ്റവും

വരുത്തിയിട്ടില്ല. അടുത്ത തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ എല്ലായിടത്തും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിക്കുന്നതാണ്. ഇതിനായി വിനിയോഗിക്കുന്ന തുക കേന്ദ്രസഹായം ലഭിക്കുമ്പോൾ പഞ്ചായത്തുകൾക്ക് റീഇംപേഴ്സ് ചെയ്തു നൽകുന്ന കാര്യം ആലോചിക്കുന്നതാണ്. എൻഡോസൾഫാൻ ദുരന്ത ബാധിത മേഖലയിൽ ഏഴ് കോടി രൂപ ചെലവിൽ അസിസ്റ്റഡ് ലിവിംഗ് പദ്ധതി ആരംഭിക്കുന്നതാണ്. കുറ്റകൃത്യത്തിലേർപ്പെടുന്ന 18-നും 21 വയസിനും മദ്ധ്യേ പ്രായമുള്ളവരെ 'നേർവഴി' പദ്ധതിയിലൂടെ പുനരധിവസിപ്പിക്കുന്നതുമാണ്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗരേഖ തയ്യാറാക്കാനും ശിശുക്ഷേമ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ തയ്യാറാക്കാനും നടപടി സ്വീകരിക്കുന്നതാണ്. ഷെൽട്ടർ ഹോം മാനേജ്മെന്റ്, പ്രോട്ടോകോൾ വെൽഫെയർ, ഇൻസ്റ്റിറ്റ്യൂഷൻ മാനേജ്മെന്റ് മാനുവൽ, ജെ.ജെ. ആക്ട് എന്നിവയുടെ ഇംപ്ലിമെന്റേഷൻ മാർഗ്ഗരേഖകൾ പ്രഖ്യാപിക്കുന്നതാണ്. വയോജന നയം നടപ്പാക്കാൻ ആക്ഷൻ പ്ലാൻ രൂപീകരിക്കുകയും വികലാംഗർക്ക് ആധുനിക വീൽച്ചെയറുകളും ഓട്ടോമാറ്റഡ് ബെഡ്ഡുകളും നൽകാൻ നടപടി സ്വീകരിക്കുന്നതുമാണ്. കല്ലേറ്റുംകരയിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ, മെഡിക്കൽ ആന്റ് റീഹാബിലിറ്റേഷൻ

ദേശീയ നിലവാരത്തിലുള്ള സ്ഥാപനമാക്കുന്നതിനും ജെൻഡർ സ്റ്റഡീസ് റിസർച്ചുമായി ചേർന്ന് കോഴിക്കോട് ജൻഡർ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനും NISH-നെ ഉന്നത നിലവാരമുള്ള യൂണിവേഴ്സിറ്റിയായി മാറ്റാനും നടപടി സ്വീകരിക്കുന്നതാണ്. ജെൻഡർ പോളിസി, ഡിസെബിലിറ്റി പോളിസി എന്നിവ പ്രഖ്യാപിക്കുകയും ആന്റി ബെഗ്ഗിംഗ് ബിൽ നിയമസഭയിൽ ഉടൻ അവതരിപ്പിക്കുകയും ചെയ്യുന്നതാണ്. പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുക്കുന്നതാണ്. ലേബർ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് കെ.എസ്.എസ്.എം. മുഖേന പ്രീമിയം കൊടുത്തുകൊണ്ട് മുൻ പഞ്ചായത്ത് മെമ്പർമാർക്ക് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 57-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.39-ന് പിരിഞ്ഞു.

* * * * * * * * * *